(സി) അടുത്ത വർഷം അൺഎയ്ഡഡ് സ്കൂളുകളിൽ പ്ളസ് ടു അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കഴിഞ്ഞ വർഷം വരെ അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കാതിരുന്ന ഈ കോഴ്സ് പ്രസ്തുത സ്കൂളുകൾക്കു കൂടി ഈ വർഷം അനുവദിക്കുവാനുള്ള പ്രത്യേക സാഹചര്യമെന്തെന്ന് വിശദീകരിക്കാമോ ;

(ഇ) അൺ എയ്ഡഡ് സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കുന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റ് സെക്ടറിൽ സ്വാശ്രയ സാങ്കേതിക കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത വർഷം അനുവദിക്കേണ്ട പ്ളസ് ടു സീറ്റുകളുടെ എണ്ണം തീരുമാനിച്ചിട്ടില്ല.

(സി) അംഗീകൃത സ്കൂളുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഡി) ധാരാളം അൺ എയ്ഡഡ് അംഗീകൃത സ്കൂളുകളിൽ പത്താം ക്ലാസ്സുവരെ അനുവദിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലാണ് അവർക്കും പ്ളസ് ടു കോഴ്സുകൾ അനുവദിക്കാമോ എന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നത്.

(ഇ) ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ട വിഷയങ്ങളല്ല.

**കൊല്ലം എസ്.എൻ. കോളേജിൽ യൂണിയൻ തെരഞ്ഞെടുപ്പ്**

**123 (1258)** ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിൽ 1999-2000-ാമാണ്ടിലേക്കുള്ള കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടന്നതെന്നാണ് ;

(ബി) പ്രസ്തുത തെരഞ്ഞെടുപ്പിൽ ഏതെല്ലാം സീറ്റുകളിലേക്ക് ഏതെല്ലാം വിദ്യാർത്ഥി സംഘടനകളിൽപ്പെട്ട ആരെല്ലാം വിജയിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ കൊല്ലം എസ്.എൻ. കോളേജ് യൂണിയൻ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ നടത്തി കോളേജ് യൂണിയന്റെ അധികാരം ഏറ്റെടുത്തുവോ ; എങ്കിൽ എന്ന് ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഇതുവരെ എസ്.എൻ. കോളേജ് യൂണിയനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞ നടക്കാത്തപക്ഷം അത് നടത്തുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 15-10-1999-ൽ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെയർമാൻ സീറ്റിലേക്ക് കെ.എസ്.യുഉം ഒരു അസോസിയേഷൻ സീറ്റിലേക്ക് എ.ഐ.എസ്.എഫ്ഉം ബാക്കി എല്ലാ സീറ്റുകളിലേയ്ക്കും എസ്.എഫ്.ഐയും വിജയിച്ചു.

(സി) പ്രവർത്തിക്കുന്നുണ്ട്.

(ഡി) 17-2-2000-ൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ നടത്തി അധികാരമേറ്റു.

(ഇ) ഉദിക്കുന്നില്ല.

**യു.ജി.സി. നിരക്കനുസരിച്ച് കോളേജ് പ്രിൻസിപ്പൽമാരുടെ ശമ്പളസ്കെയിൽ**

124 (1259) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള യു.ജി.സി. നിരക്കനുസരിച്ച് കോളേജ് പ്രിൻസിപ്പൽമാരുടെ ശമ്പള സ്കെയിൽ എത്രയാണ് ;

(ബി) ഈ സ്കെയിൽ സംസ്ഥാനത്തെ കോളേജ് പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുണ്ടോ ? ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) അവർക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിൽ എത്രയാണ് ?

ഉത്തരം

(എ) നിലവിലുള്ളത് (1-1-1996-നു മുൻപ്)

പ്രിൻസിപ്പൽ 3700-125-4950-150-5700

പ്രിൻസിപ്പൽ സ്പെഷ്യൽ ഗ്രേഡ് 4500-150-5700-200-7300

(ബി) നിലവിലുള്ള സ്കെയിൽ നൽകി കഴിഞ്ഞിട്ടുണ്ട്.

(സി) പുതിയ നിർദ്ദേശപ്രകാരമുള്ള സ്കെയിൽ (1-1-1996 മുതൽ)
പ്രിൻസിപ്പൽ 12000-420-18300 (കുറഞ്ഞത് 12840 രൂപ ആയിരിക്കും)
പ്രിൻസിപ്പൽ സ്പെഷ്യൽ ഗ്രേഡ് 16400-450-20900-500-22400 (കുറഞ്ഞത് 17300 രൂപ ആയിരിക്കും)

**ആലപ്പുഴ ജില്ലയിലെ കോളേജുകളിൽ മാതൃഭാഷയിൽ ബിരുദ-ബിരുദാനന്തര പഠന കോഴ്സുകൾ**

125 (1260) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കോളേജുകളിൽ 1996-2000-ാമാണ്ട് കാലത്ത് മാതൃഭാഷയിൽ ബിരുദ-ബിരുദാനന്തര പഠനത്തിന് കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷ നൽകിയ കോളേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ഈ അപേക്ഷകളിന്മേൽ കേരള സർവകലാശാല സർക്കാരിന് നൽകിയ ശുപാർശകൾ എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly